LIBRARY ARCHIVES Kerala Legislative Assembly

സെക്കണ്ടറി ആരംഭിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പ് താല്പര്യപൂർവ്വം മുൻകൈ എടുക്കാത്തതുകൊണ്ട് ആരംഭിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് നൂറു കണക്കിന് വിദ്യാർത്ഥികൾക്ക് സൗജന്യമായി താമസിച്ച് പഠിക്കാനുള്ള അവസരമാണ് നിഷേധിക്കപ്പെട്ടത്. അതിനാൽ ഉദുമ നിയോജകമണ്ഡലത്തിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ അടുത്ത അദ്ധ്യയന വർഷം ഹയർസെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : സർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള ഒരു റെസിഡൻഷ്യൽ സ്കൂളാണിത്. അദ്ദേഹം ചൂണ്ടിക്കാണിച്ചപോലെ ഈ സ്കൂളിൽ താമസസൗകര്യം, ഭക്ഷണം എന്നിവ നൽകേണ്ടതുണ്ട്. ഇതിനാവശ്യമായിട്ടുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കുവേണ്ടി ജില്ലാകളക്ടർ ചെയർമാനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുണ്ട്. ഇക്കാര്യം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പിൽ വയ്ക്കുകയും കമ്മിറ്റി അത് അംഗീകരിച്ച് പട്ടികജാതി ഡയറക്ടർക്ക് അയയ്ക്കുകയും ചെയ്തിരിക്കുകയാണ്. ഈ കൊല്ലം ഫണ്ട് കിട്ടാത്തതുകൊണ്ടാണ് ആരംഭിക്കാൻ കഴിയാതെ വന്നത്. അടുത്ത വർഷം ഈ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(10) എം. ജി. സർവ്വകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവർക്ക് ഉയർന്ന ശമ്പളസ്കെയിൽ നൽകാനുള്ള തീരുമാനം

ശ്രീ. രാജു എബ്രഹാം : സർ, എം. ജി. സർവ്വകലാശാലയിലെ സ്വാശ്രയ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന മൂന്നൂറോളം അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിലിൽ ശമ്പളം കൊടുക്കാൻ ഇപ്പോൾ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുകയാണ്. പണം കൊടുക്കുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ, യോഗ്യത മാനദണ്ഡമാക്കാതെയും സംവരണം പാലിക്കാതെയുമാണ് താൽക്കാലികാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചിട്ടുള്ളത്. അത് സർവ്വകലാശാലയെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. സർവ്വകലാശാലയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുന്ന തീരുമാനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെയും സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ മാത്രമേ നടപ്പാക്കാവൂ എന്നാണ് യൂണിവേഴ്സിറ്റി ആക്ടിൽ നിഷ്കർഷിക്കുന്നത്. ഇത് ഹൈക്കോടതിയിൽ സത്യവാങ്മൂലം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഈ തീരുമാനം റദ്ദ് ചെയ്യാനുള്ള സമ്മർദ്ദങ്ങൾ ഏത് രൂപത്തിലായാലും ഗവണ്മെന്റ് ഇടപെട്ട് നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, എം. ജി. യൂണിവേഴ്സിറ്റി ഈ കാര്യത്തിൽ എടുത്തിട്ടുള്ള തീരുമാനം ശരിയല്ല എന്നുതന്നെയാണ് ഗവണ്മെന്റിന്റെയും അഭിപ്രായം. സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ സംവരണതത്വം പാലിക്കാതെ എടുത്ത അദ്ധ്യാപകരെ മുഴുവൻ യു.ജി.സി. ശമ്പള സ്കെയിലിലേക്ക് കൊണ്ടുവരിക എന്നു പറഞ്ഞാൽ ഒരിക്കലും യൂണിവേഴ്സിറ്റിക്ക് താങ്ങാൻ കഴിയുന്ന കാര്യമല്ല. മറ്റ് യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം അവർ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നല്ല ശമ്പളം കൊടുക്കുന്നത്; അവർ ജനറേറ്റ് ചെയ്യുന്ന ഫണ്ടിൽനിന്നും ഒരു നിശ്ചിത സംഖ്യയാണ് കൊടുക്കുന്നത്. സ്കെയിൽ അല്ല. യൂണിവേഴ്സിറ്റികൾ പ്രൊഫ. സി. സി. ജേക്കബ്ബിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയുണ്ടാക്കി ഇക്കാര്യങ്ങൾ പഠിക്കാൻവേണ്ടി നിയോഗിച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ സ്റ്റാൻഡ് വ്യക്തമായി അവരോട് പറയും. ഇത് ശരിയല്ല, ഗവൺമെന്റ് ഇക്കാര്യം ഒരിക്കലും അംഗീകരിക്കുകയില്ല എന്നുപറയുകയും ചെയ്യുമെന്നു മാത്രമല്ല ഇക്കാര്യം യൂണിവേഴ്സിറ്റിക്ക് എഴുതുകയും ചെയ്യും. ആ കമ്മിറ്റിയിൽ യൂണിവേഴ്സിറ്റിക്കുള്ള ഗവണ്മെന്റ് പ്രതിനിധികൾ ഇക്കാര്യത്തിൽ ശക്തമായ ഒബ്ജക്ഷൻ ഉന്നയിക്കുകയും ഈ വിധത്തിലുള്ള നീക്കം ശരിയല്ല എന്ന് തീർച്ചയായും സിൻഡിക്കേറ്റിനേയും യൂണിവേഴ്സിറ്റിയേയും ഗവൺമെന്റ് അറിയിക്കുന്നതുമാണ്.

IV. മേശപ്പുറത്തുവച്ച കടലാസുകൾ

വിദ്യാഭ്യാസ വകുപ്പു മന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*) : സർ, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2005 ജനുവരി 18-ാം തീയതിയിലെ നോട്ടിഫിക്കേഷൻ നമ്പർ 19/2005/തസ്വഭവ. (എസ്. ആർ. ഒ. നമ്പർ 58/2005).

LIBRARY ARCHIVES Kerala Legislative Assembly